# Malayala Manorama

## 29 August 2018

## Vypin, After Flood, Flood Affected Area, Flood Relief, Fund

# കൊച്ചി താലൂക്ക് പ്രളയക്കണക്കിൽ ഇല്ല, വൈപ്പിൻകാർ 'പെട്ടു'

വൈപ്പിൻ • പ്രളയവുമായി ബന്ധപ്പെട്ട സഹായധനം ലഭിക്കുന്ന കാര്യത്തിൽ വൈപ്പിൻ ദ്വീപ് നിവാസികൾക്കു മുന്നിൽ വിവിധ കടമ്പകൾ രൂപപ്പെട്ടേക്കുമെന്നു സൂചന. സർക്കാർ ഉത്തരവു പ്രകാരം കൊച്ചി താലൂക്ക് പ്രളയബാധിത മേഖലയിൽ ഉൾപ്പെടാത്തതാണ് ഇത്തരമൊരു ആശങ്കയ്ക്ക് ഇടയാക്കിയിരിക്കുന്നത്.

പ്രളയബാധിത മേഖലയിൽ ഉൾപ്പെടാത്ത പ്രദേശങ്ങൾക്കു പുനർനിർമാണത്തിനുള്ള ഫണ്ട് ലഭിക്കാൻ സാധ്യതയില്ല. വെള്ളപ്പൊക്കത്തെത്തുടർന്നു വൈപ്പിനിൽ അൻപതിലേറെ ക്യാംപുകൾ തുറക്കുകയും അരലക്ഷത്തോളം പേരെ അവിടേക്കു മാറ്റിപ്പാർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇവരെ മുൻകരുതലെന്ന നിലയിലാണു മാറ്റിപ്പാർപ്പിച്ചതെന്നാണു സർക്കാർ രേഖകളിൽ പറയുന്നത്.

ഇതും ദുരിതാശ്വാസം ലഭിക്കാൻ തടസ്സമായേക്കാം. എടവനക്കാട്, കുഴുപ്പിള്ളി, നായരമ്പലം, ഞാറയ്ക്കൽ പഞ്ചായത്തുകളുടെ കിഴക്കും പടിഞ്ഞാറും മേഖലകളിലും പള്ളിപ്പുറം, എളങ്കുന്നപ്പുഴ പഞ്ചായത്തുകളിലെ ചിലയിടങ്ങളിലും വീടുകളിൽ വെള്ളം കയറിയിരുന്നു.

### കണക്കെടുപ്പിന് തുടക്കം

ജില്ലയിൽ പ്രളയത്തിൽപ്പെട്ടു വീട് വാസയോഗ്യമല്ലാതായവർക്കും രണ്ടുദിവസത്തിലധികം വീടുകളിൽ വെള്ളം കെട്ടിനിന്നവർക്കും സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ ദുരിതാശ്വാസമായ 10,000 രൂപ നൽകുന്നതിനു കണക്കെടുപ്പ് ആരംഭിച്ചതായി കൊച്ചി തഹസിൽദാർ കെ.വി. അംബ്രോസ് അറിയിച്ചു. ബന്ധപ്പെട്ട ബൂത്ത് ലെവൽ ഓഫിസർമാരും അംഗങ്ങളും തയാറാക്കുന്ന പട്ടിക വില്ലേജ് ഓഫിസർമാർ പരിശോധിച്ച് തഹസിൽദാർക്കു സമർപ്പിക്കുകയാണു ചെയ്യുക.

സർക്കാർ ഉത്തരവു പ്ര
തുക ബാങ്ക് അക്കൗണ്ട്
രിതബാധിതർക്കു നൽക
ഹനാഥന്റെ പേര്, വിലാസ
ബൈൽ നമ്പർ, ആധാർ
പഞ്ചായത്ത്, വാർഡ്, വ
ബാങ്ക് അക്കൗണ്ട് നമ്പർ
ങ്കിന്റെ ഐഎഫ്എസ്സി
വ അന്വേഷണത്തിനായി
ന്നവർക്കു നൽകണമെന്നു
സിൽദാർ അറിയിച്ചു. നാഗ
ത്തിന്റെ കണക്ക് എടുക്കാ
ണവാടി അധ്യാപികമാരെ
യോഗിച്ചതു ചില കേന്ദ്ര
പരാതിക്ക് ഇടയാക്കിയിട്ടു